**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1200** **07-12-2022 - ൽ മറുപടിയ്ക്ക്**

**ജലജിവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള റോഡുകളുടെ പുനസ്ഥാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജിവൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് സ്ഥാപിക്കാൻ റോഡുകൾ വെട്ടിപ്പൊളിക്കുന്നതിൽ വകുപ്പുകളുടെ ഏകോപനമില്ലായ്മ പ്രതിസന്ധി സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>ജൽജീവൻമിഷൻ പദ്ധതിയുടെ ഭാഗമായി റോഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ്, നാഷണൽ ഹൈവേ അതോറിറ്റി, പഞ്ചായത്ത്, ഫോറസ്റ്റ് എന്നീ വകുപ്പുകളുടെ അനുമതി ലഭിക്കേണ്ടതുണ്ട്. എന്നാൽ റോഡുകൾ വെട്ടിപ്പൊളിക്കുന്നതിന് അവയുടെ Defect Liability Period (DLP) കഴിയാത്ത സാഹചര്യങ്ങളിൽ അനുമതി ലഭിക്കാൻ വൈകുന്നത് പദ്ധതി പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നുണ്ട്. |
| (ബി) | എങ്കിൽ ഇത്തരം പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിനും പൊതു നിർദ്ദേശം നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (ബി) | ജൽ ജീവൻ മിഷൻ പദ്ധതിക്കുവേണ്ടി റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഏകോപന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. PWD റോഡുകളുടെ പരിപാലനവും ജലവിഭവ പദ്ധതി പ്രവൃത്തികളും ഏകോപിപ്പിക്കാൻ പൊതുമരാമത്ത്-ജലവിഭവ വകുപ്പുകളുടെ ഉന്നതതല യോഗം സ്ഥിരം കമ്മിറ്റിക്കു രൂപം നൽകിയിട്ടുണ്ട്. കൂടാതെ പൊതുനിരത്തുകളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അതത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ മാസവും ഡിസ്ട്രിക്ട് ഇൻഫ്രാസ്ട്രക്ചർ കോർഡിനേഷൻ കമ്മിറ്റി (D.I.C.C.) യോഗം കൂടുന്നുണ്ട്. മുഖ്യമന്ത്രി നേരിട്ട് അവലോകനം നടത്തുന്ന മുൻഗണനാ പട്ടികയിലുള്ള ജല ജീവൻ മിഷൻ പദ്ധതിക്കായി റോഡ് കട്ടിങ് അനുമതി ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി അവശ്യ സന്ദർഭങ്ങളിൽ സർക്കാർ നേരിട്ട് ഇടപെടൽ നടത്തുന്നുണ്ട്.<br><br>ജല ജീവൻ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാർ വകുപ്പുകളിൽ നിന്നും അനുമതി ലഭിക്കേണ്ട പ്രവൃത്തികളെ സംബന്ധിച്ചുള്ള വിവരങ്ങൾ വെബ്‌സൈറ്റിൽ നേരിട്ട് നൽകുന്നതിനും അവ കേന്ദ്ര സർക്കാർ വിലയിരുത്തി അനുമതി ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുവാൻ കേന്ദ്രതലത്തിലും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു യോഗങ്ങൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ